# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3253 19/06/2019-ൽ മറുപടിയ്ക്ക്

## ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ഉദുമ എം.എൽ.എ. എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ ബേക്കൽ ഫോർട്ട് റെയിൽവേ സ്റ്റേഷൻ വികസനത്തിന് 1,30,99,306 രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; | എ) | ഉണ്ട്. 26.06.2018 ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ ആർ.ഡി.4/1451/17 നമ്പർ ഉത്തരവ് പ്രകാരം 1,30,99,306/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | സതേൺ റെയിൽവേ ഡിവിഷണൽ മാനേജർ(വർക്സ്) പാലക്കാടിന് ഡെപ്പോസിറ്റ് പ്രവൃത്തിയായി കണക്കിലെടുത്ത് ഈ തുക കൈമാറി നൽകിയിട്ടുണ്ടോ; | ബി) | ഇല്ല |
| സി) | ഈ തുക കൈമാറി നൽകുന്നതിനായി എൽ.എസ്.ജി.ഡി.കാസർഗോഡ് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ ചീഫ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; | സി) | 10.03.2019-ാം തീയതിയിൽ നിലവിൽ വന്ന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ പെരുമാറ്റച്ചട്ടത്തിൽ നിർമ്മാണ പ്രവർത്തികൾക്ക് അനുവദിക്കേണ്ട ഡെപ്പോസിറ്റ്/ പാർട്ട് ബിൽ എന്നിവയ്ക്ക് അലോട്ട്മെന്റ് അനുവദിക്കുവാൻ പാടില്ല എന്ന നിർദ്ദേശം ഉണ്ടായിരുന്നതിനാൽ അലോട്ട്മെന്റ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച് നൽകാൻ കഴിഞ്ഞിരുന്നില്ല. 26.05.2019 ൽ പെരുമാറ്റച്ചട്ടം മാറ്റിയ ശേഷം ടി അലോട്ട്മെന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) | ഇത് സംബന്ധിച്ച് (എൽ.എസ്.ജി.ഡി.) ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഡിബി 5/13005/18 ഫയലിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | ഡി) | 12.03.2019 ലെ ഇ 7/4000/18/ സിഇ/ എൽ.എസ്.ജി.ഡി (930) ഉത്തരവ് പ്രകാരം ടി പ്രവർത്തിക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും 1,30,99,306/- രൂപയുടെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. ടി അലോട്ട്മെന്റ് ഓൺലൈൻ മുഖേനയും, അലോട്ട്മെന്റ് ലെറ്റർ തപാൽ |

| | | | |
|---|---|---|---|
| | | | മുഖേനയും ബന്ധപ്പെട്ട (ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ) ആയ കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, ജില്ലാ ട്രഷറിക്കും അയച്ചു കൊടുത്തിരുന്നു. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഡി.ബി.5/13005/18 ഫയലിലെ തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി തുക പാലക്കാട് സതേൺ റെയിൽവെ ഡിവിഷണൽ മാനേജർ (വർക്സ്) - ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

<u>തദ്ദേശസ്വയംഭരണവകുപ്പ്ചീഫ്എഞ്ചിനീയറുടെ നടപടി ക്രമം</u>

**ഹാജർ : ശ്രീ. പി.ആർ.സജികുമാർ**

വിഷയം:-തസ്വഭവ - എഞ്ചിനീയറിംഗ്വിഭാഗം - MLA – LAC-ADS കാസർഗോഡ് ജില്ല ഉദുമ നിയോജകമണ്ഡലത്തിലെ Development of Bakel Fort Railway Station പ്രവൃത്തിയുമായി ബന്ധപ്പെട്ട് - ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്

സൂചന:- 1) കാസർഗോഡ് ജില്ലാ കളക്ടറുടെ Order No. RD4/1451/17 dated 26.06.2018

2) കാസർഗോഡ് ജില്ലാ പഞ്ചായത്ത്എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നം. A2/1627/18 dated 04.10.2018

<u>ഉത്തരവ് നം. ഇ7/4000/18/സിഇ/എൽ.എസ്.ജി.ഡി (930) തീയതി 12.03.2019</u>

സൂചന (1) ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ല ഉദുമ നിയോജകമണ്ഡലത്തിലെ Development of Bakel Fort Railway Station പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. കെ.കുഞ്ഞിരാമൻ എം.എൽ.എ അവർകളുടെ അസംബ്ലി മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 1,30,99,306/- രൂപ (ഒരു കോടി മുപ്പത് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി. മുന്നൂറ്റി ആറ് രൂപ മാത്രം) അനുവദിക്കുകയും ആയത് 4515-00-800-96 Projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു.

സൂചന (2) ലെ കത്ത് പ്രകാരം ടി നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി തുകയായ 1,30,99,306/- രൂപ സീനിയർ ഡിവിഷണൽ ഫിനാൻസ് മാനേജർ, സതേൺ റെയിൽവേ പാലക്കാടിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുവദിക്കണമെന്ന് കാസർഗോഡ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി രേഖകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ല ഉദുമ നിയോജകമണ്ഡലത്തിലെ Development of Bakel Fort Railway Station പ്രവൃത്തിയുമായി ബന്ധപ്പെട്ട് അസംബ്ലി മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും 1,30,99,306/- രൂപ (ഒരു കോടി മുപ്പത് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി മുന്നൂറ്റി ആറ് രൂപ മാത്രം) അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക കാസർഗോഡ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ സീനിയർ ഡിവിഷണൽ ഫിനാൻസ് മാനേജർ, സതേൺ റെയിൽവേ പാലക്കാടിന് ഡെപ്പോസിറ്റ് തുകയായി നൽകേണ്ടതാണ്. ടി തുക 4515-00-800-96 Projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകുന്നു.

**ഒപ്പ്**

**ചീഫ്എഞ്ചിനീയർ**

പകർപ്പ് : 1) എക്സിക്യൂട്ടീവ് എൻജിനീയർ, ജില്ലാ പഞ്ചായത്ത് കാസർഗോഡ്
2) സീനിയർ ഡിവിഷണൽ ഫിനാൻസ് മാനേജർ, സതേൺ റെയിൽവേ പാലക്കാട്
3) ജില്ലാ ട്രഷറി/സബ് ട്രഷറി, കാസർഗോഡ് ജില്ല
4) ബിൽ/ഡിബി/സ്റ്റോക്ക് ഫയൽ

**ആജ്ഞാനുസരണം/അയക്കുന്നത്**

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**